നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 7886 — 16. 07. 2014 -ൽ മറുപടിക്ക്

# വൻകിട സ്വകാര്യ സ്ഥാപനങ്ങളുടെ വൈദ്യുതി ബിൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ബിൽ അടയ്ക്കാത്തതിന്റെ പേരിൽ കഴിഞ്ഞ ആറുമാസത്തിനിടെ ഏതൊക്കെ സർക്കാർ സ്ഥാപനങ്ങളുടെ വൈദ്യുതി കണക്ഷൻ കെ.എസ്.ഇ.ബി. വിച്ഛേദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | (എ) | തിരുവനന്തപുരം കുടപ്പനക്കുന്ന് സെക്ഷനിലെ Cons No. 4040, special Tahsildar, തൃശ്ശൂർ ജില്ലയിലെ ദേശമംഗലം വില്ലേജ് ഓഫീസ്, തദ്ദേശ സ്വയംഭരണ സ്ഥാപന – ങ്ങളുടെ ഗുണഭോക്താക്കൾ പണമടയ്ക്കുന്ന കുടിവെള്ള പദ്ധതികൾ, കണ്ണൂർ ജില്ലയിലെ പെരുംതട്ട വില്ലേജ് ഓഫീസ്, ഗവൺമെന്റ് പ്രസ്സ്, പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പ്, ചെറുകുന്ന സെക്ഷന്റെ കീഴിലുള്ള പോലീസ് സ്റ്റേഷൻ, പള്ളിക്കുന്ന് സെക്ഷന്റെ കീഴിലുള്ള ജയിൽ വകുപ്പിന്റെ quarters, ഇറിഗേഷൻ ഓഫീസ്,പാലക്കാട് ജില്ലയിൽ Agriculture, Irrigation, മുനിസിപ്പാലിറ്റി, താലൂക്ക്, സർവ്വേ വകുപ്പിന്റെ ഓഫീസ്, ബധിരമൂക വിദ്യാലയം, കോഴിക്കോട് ജില്ലയിൽ ഫറോക് സെക്ഷന്റെ കീഴിലുള്ള PWD Rest House,PWD സെക്ഷൻ ഓഫീസ് എന്നിവയുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ചിട്ടുണ്ട്. |
| (ബി) വൈദ്യുതി ബോർഡ് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സമയത്ത് കോടിക്കണക്കിന് രൂപയുടെ വൈദ്യുതി ബിൽ അടയ്ക്കാൻ ഒരു സ്വകാര്യ വൻ | (ബി) | ഉണ്ട്. ജൂൺ മാസത്തിലെ വൈദ്യുതി ബിൽ തുകയായ 2,99,92,413 രൂപ അടയ്ക്കാത്തതിനാൽ (Reliance Infrastructure)ന്റെ കണക്ഷനുകൾ |

കമ്പനിക്ക് സാവകാശം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റിലയൻസ് ഇൻഫ്രാടെൽ എന്ന സ്ഥാപനത്തിന് എത്ര കോടി രൂപയുടെ ബിൽ അടയ്ക്കുന്നതിനാണ് സാവകാശം നൽകിയതെന്നും ആരാണ് ഇതിന് നിർദ്ദേശം നൽകിയതെന്നും വ്യക്തമാക്കാമോ;

(ഡി) വൻകിട സ്വകാര്യ സ്ഥാപനങ്ങളുടെ വൈദ്യുത ബിൽ യഥാസമയം പിരിച്ചെടുക്കാതെ ഇത്തരത്തിൽ സഹായം ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

നിശ്ചലമായതിനാൽ, കമ്പനിയുടെ accounting software ന്റെ തകരാറു കാരണമാണ് പ്രസ്തുത ബിൽ അടയ്ക്കാൻ സാധിക്കാഞ്ഞതെന്നും ബിൽ അടയ്ക്കുന്നതിന് സാവകാശം വേണമെന്നും കമ്പനി ബോർഡിന് അപേക്ഷ നൽകുകയുണ്ടായി. ഇതോടൊപ്പം 55 ലക്ഷം രൂപ ബോർഡിൽ അടയ്ക്കുകയും ചെയ്തു. പ്രസ്തുത കമ്പനി ഇതുവരെ വൈദ്യുതി ബിൽ കുടിശ്ശിക വരുത്തിയിട്ടില്ല എന്നുള്ളതും mobile communication essential service ൽ പെടുന്നു എന്നുള്ളതും പരിഗണിച്ചു കൊണ്ടാണ് ബിൽ അടയ്ക്കാനുള്ള സമയ പരിധി ജുലൈ 15 വരെ ദീർഘിപ്പിക്കുവാനും വിച്ഛേദിച്ച കണക്ഷനുകൾ പുനസ്ഥാപിക്കാനുമുള്ള നിർദ്ദേശം നൽകിയത് കൂടാതെ പലിശ സഹിതമാണ് പ്രസ്തുത ബിൽ തുക കമ്പനി അടയ്ക്കേണ്ടത്. ബോർഡിലെ ബന്ധപ്പെട്ട Full Time Director മാരുടെ കൂട്ടായ തീരുമാന പ്രകാരം വിതരണ വിഭാഗം ഡയറക്ടറുടെ ഓഫീസിൽ നിന്നുമാണ് നിർദ്ദേശം നൽകിയത്. നിലവിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കേണ്ട സാഹചര്യം ഇല്ല.

സെക്ഷൻ ഓഫീസർ